E-mail:srsthiruvalla@kau.in
Phone:0469 2604181

# കേരള കാർഷിക സർവ്വകലാശാല

## കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ.പി.ഒ., തിരുവല്ല -689 102

നം.എ.ആർ.എസ്. II/1920/2023 തീയ്യതി: 22.05.2024

### പുനർ ലേല/ദർഘാസ് പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ കാറ്റിലും മഴയിലും പിഴുത് വീണ ഒരു പെരുമരം (നം.12), സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന നാല് പെരുമരങ്ങൾ (നം.13,14,15& 16) എന്നിവ 29.05.2024ന് പകൽ 11.00 മണിക്ക് മത്സര സ്വഭാവത്തിലുള്ള ദർഘാസ്/ലേലം മുഖേന വിൽക്കുന്നതാണ്.

മരങ്ങളുടെ വിവരങ്ങൾ:

| ക്രമ നം. | ഇനം | നമ്പർ | വണ്ണം (സെ.മീ.) | കുറിപ്പ് |
|---|---|---|---|---|
| 1. | പെരുമരം | 12 | 200 | പിഴുത് വീണ അവസ്ഥയിൽ, മരം മൊത്തമായി മുറിച്ചുനീക്കാൻ |
| 2. | പെരുമരം | 13 | 260 | മരം മൊത്തമായി മുറിച്ചുനീക്കാൻ |
| 3. | പെരുമരം | 14 | 190 | “ |
| 4. | പെരുമരം | 15 | 200 | “ |
| 5. | പെരുമരം | 16 | 260 | “ |

ടി മരങ്ങൾ ദർഘാസ്/ലേലത്തിലൂടെ വാങ്ങുവാൻ താല്പര്യമുള്ളവർ ഓരോ മരത്തിന്റേയും വില പ്രത്യേകം കാണിച്ചുകൊണ്ട് ആകെ വില രേഖപ്പെടുത്തിയ ദർഘാസുകൾ മുദ്രവെച്ച കവറിൽ 'പെരുമരങ്ങളുടെ ദർഘാസ്/ലേലം' എന്ന മേലെഴുത്തോട്കൂടി പ്രൊഫസർ ആന്റ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ.പി.ഒ., തിരുവല്ല -689102 എന്ന മേൽവിലാസത്തിൽ 29.05.2024 ന് പകൽ 11.30 മണിയ്ക്ക് മുൻപായി ലഭിക്കത്തക്കവിധം അയയ്ക്കുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്നവർ 1500/- രൂപ (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യമായി ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്. അന്നേ ദിവസം പകൽ 11.30 മണിയ്ക്ക് അപ്പോൾ ഹാജരായിട്ടുള്ള ദർഘാസുകാരുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുകയും ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്. ദർഘാസുകളിലും പരസ്യലേലത്തിലും കൂടിയ തുക രേഖപ്പെടുത്തുന്നയാൾക്ക് സർക്കാർ/സർവ്വകലാശാല മാനദണ്ഡങ്ങൾക്കും മരങ്ങളുടെ വിൽപ്പനയ്ക്കായി രൂപീകരിച്ച ഈ കേന്ദ്രത്തിലെ കമ്മിറ്റിയുടേയും പരിഗണനയ്ക്ക് വിധേയമായി ദർഘാസ്/ലേലം അംഗീകരിച്ചു നൽകുന്നതായിരിക്കും.

**നിബന്ധനകൾ**

1. ലേലത്തിൽ ഓരോ മരത്തിനും പ്രത്യേകം പ്രത്യേകം ലേലം വിളിക്കുന്നതാണ്. ക്വട്ടേഷനിൽ ഓരോ മരത്തിനും പ്രത്യേകം വില കാണിക്കേണ്ടതാണ്.
2. ലേലത്തിൽ ഓരോ മരത്തിനും ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ, ലേലത്തിന്ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഓരോ മരത്തിനും ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ, ടി തുക

(മറുപുറം)

സോഷ്യൽ ഫോറസ്ട്രി നിശ്ചയിച്ച തുകയ്ക്ക് മുകളിലാണെങ്കിൽ ലേലം/ദർഘാസ് ഉറപ്പിക്കുന്നതും ടിയാൻ ലേലം/ദർഘാസ് തുകയുടെ 1/3 ഭാഗം അന്നേ ദിവസം ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

3. ലേലസംഖ്യയ്ക്ക് പുറമെ ലേലസംഖ്യയുടെ 5 % വന വികസന നികുതിയും(FDT) ടി തുക ഉൾപ്പടെയുള്ള തുകയുടെ 18% ചരക്ക് സേവന നികുതിയും (ജി.എസ്.ടി.), ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്. കൂടാതെ ആനുപാതികമായ ആദായനികുതിയും ലേലം/ക്വട്ടേഷൻ പിടിച്ച ആൾ അടയ്ക്കേണ്ടതാണ്.
4. ലേലത്തിൽ പിടിച്ച മരം മുറിയ്ക്കാനുള്ള അനുവാദം ലഭിച്ച് 15 ദിവസത്തിനകം ഫാമിലെ വസ്തുവകകൾക്ക് കേടുപാടുകൾ കൂടാതെ മരം മുറിച്ച് മാറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഫാമിന് വരുന്ന നഷ്ടത്തിന് നിയമവിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതായിരിക്കും.
5. ലേലവസ്തുക്കൾ സ്വന്തം ചെലവിൽ മുറിച്ച് കൊണ്ടുപോകേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും. ലേലവസ്തുക്കൾ ഈ സ്റ്റേഷനിൽ നിന്നും പുറത്തുകൊണ്ടുപോകുമ്പോൾ ഈ സ്റ്റേഷനിലെ സ്ഥാവരജംഗമ വസ്തുക്കൾക്കോ, മരങ്ങൾക്കോ, കൃഷിയ്ക്കോ, പൊതുജനങ്ങൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ലേലം/ക്വട്ടേഷൻ കൊള്ളുന്നയാളുടെ ഉത്തരവാദിത്തമായിരിക്കുന്നതും അങ്ങനെ എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന്റെ നഷ്ടപരിഹാരം ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.
6. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാമിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേലം സംബന്ധമായ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
7. ക്വട്ടേഷൻ/പരസ്യലേലം റദ്ദ്ചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും, സ്ഥിർപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സ്റ്റേഷൻമേധാവിയിൽ/ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക്/പരസ്യലേലങ്ങൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും/പരസ്യലേലത്തിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നം. 0469-2604181

ഡോ.ഷാജൻ.വി.ആർ.
പ്രൊഫസർ ആന്റ് ഹെഡ്

ടു
1. നോട്ടീസ് ബോർഡ്, മുനിസിപ്പൽ ഓഫീസ്, തിരുവല്ല
2. നോട്ടീസ് ബോർഡ്, നെടുമ്പ്രം ഗ്രാമപ്പഞ്ചായത്ത്
3. കെ.എ.യു.വെബ്സൈറ്റ്

പകർപ്പ്: സർക്കുലർ/ഫാം ഇൻ ചാർജജ് /ഫാം മാനേജർ /കരുതൽ ശേഖരം/മിച്ചം